# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4427** **26.06.2014-ൽ മറുപടിക്ക്**

## ഹാരിസൺ മലയാളം കമ്പനി കയ്യേറിയ ഭൂമി

| ചോദ്യം: | മറുപടി : |
|---|---|
| ശ്രീ. പി.കെ.ഗുരുദാസൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. വി.ചെന്താമരാക്ഷൻ | **ശ്രീ. അടൂർ പ്രകാശ്**<br>(ബഹു. റവന്യുവും കയറും വകുപ്പ് മന്ത്രി) |
| (എ) ഹാരിസൺ മലയാളം കമ്പനി കയ്യേറിയ ഭൂമി തിരിച്ചു പിടിക്കുന്നതിന് സ്പെഷ്യൽ ടീമിനെ നിയോഗിച്ചുകൊണ്ട് ഉത്തരവ് ഇറക്കിയിരുന്നോ; ഉത്തരവിൽ അപാകത ഉണ്ടായിരുന്നോ; | (എ) ഹാരിസൺ മലയാളം കമ്പനി കയ്യേറിയ ഭൂമി തിരിച്ചുപിടിക്കുന്നതിന് സ്പെഷ്യൽ ടീമിനെ നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപാകത ഉണ്ടായിരുന്നില്ല. |
| (ബി) ഉത്തരവുപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ഏതെല്ലാം ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) 25.04.2013 ലെ GO(Ms)No.161/2013/RD (അനുബന്ധം I) -- ഉത്തരവുപ്രകാരം പ്രസ്തുത ഭൂമി KLC Act പ്രകാരം ഏറ്റെടുക്കുന്നതിന് സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ & കളക്ടറായി ശ്രീ.എം.ജി.രാജമാണിക്യം ഐ.എ.എസ് നെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാന സ്പെഷ്യൽ ഓഫീസറെ സഹായിക്കുന്നതിനായി ജില്ലാ ടീം ലീഡർമാരെ പേരുവച്ച് നിയോഗിച്ചുകൊണ്ട് 16.07.2013 ൽ GO(Ms)No.299/2013/RD - ഉത്തരവ് പുറപ്പെടുവിച്ചിരുന്നു (അനുബന്ധം II). എന്നാൽ പ്രസ്തുത പേരു വച്ചിറക്കിയ ഉത്തരവ് 23.04.2014 ലെ GO(Ms)No.165/2014/RD - നമ്പർ ഉത്തരവുപ്രകാരം (അനുബന്ധം-III) തിരുത്തുകയും അതാതു ജില്ലകളിലെ ഡെപ്യൂട്ടി കളക്ടർ (LR) മാരെ നിയോഗിച്ചുകൊണ്ട് പുതിയ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. |

(സി) ഉത്തരവിലെ അപാകത ഭൂമി ഏറ്റെടുക്കൽ നടപടി നീളുന്നതിന് കാരണമായിട്ടുണ്ടോ;

(സി) സംസ്ഥാനതല ടീമിനെയും, ജില്ലാതല ടീമിനെയും നിയോഗിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ യാതൊരുവിധത്തിലും M/s. ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള സർക്കാർ ഭൂമി KLC Act പ്രകാരം ഏറ്റെടുക്കുന്ന നടപടി നീളുന്നതിന് കാരണമായിട്ടില്ല. KLC Act പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിവരുന്നതിനാലും, സംസ്ഥാന സ്പെഷ്യൽ ഓഫീസറുടെ നടപടികൾക്കെതിരെ ബഹു.ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവുകൾ നിലവിലുള്ളതിനാലും കാലതാമസം ഉണ്ടാകുന്നുണ്ട്.

(ഡി) ഇതിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരെ പിന്നീട് സ്ഥലം മാറ്റുകയുണ്ടായോ?

(ഡി) ജില്ലാതല ടീമിലെ ഉദ്യോഗസ്ഥർക്ക് ജനറൽ ഇലക്ഷന്റെ ഭാഗമായും മറ്റും സ്ഥലംമാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിലാണ്, ടി ഉദ്യോഗസ്ഥരുടെ പേരുവച്ചുള്ള ഉത്തരവ് മാറ്റി ഉദ്യോഗപദവിയുടെ അടിസ്ഥാനത്തിൽ 8 ജില്ലയിലും ഡെപ്യൂട്ടി കളക്ടർ (LR) മാരെ നിയോഗിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

C. L. V. Kumar

സെക്ഷൻ ഓഫീസർ

രേഖ നം. I

GOVERNMENT OF KERALA

Abstract

Revenue Department – Appointment of Sri. M.G. Rajamanickam, IAS, Director, Survey & Land Records as Special Officer for resuming the Government lands from M/s Harrisons Malayalam Ltd. (HML) - Orders issued.

---

Revenue (A) Department

G.O.(Ms) No. 161/2013/RD Dated, Thiruvananthapuram, 25/04/2013

---

Read :-
1. Judgement dtd. 28.02.2013 in WP(C) No. 14251/12 & 213/2013.
2. Minutes of the meeting held on 06.03.2013.
3. Lr. No. LRJ1/37712/09 dtd. 09.04.2013 from Land Revenue Commissioner, Thiruvananthapuram.

## ORDER

The Hon'ble High Court in its judgement read as 1st paper ordered that if the competent authority or authorities in the state administration as are authorized in terms of the provisions of the Land Conservancy Act, decide to initiate action against any of the properties in the possession M/s Harrisons Malayalam Ltd. (HML) or any of its transferees or persons in occupation they may do so strictly in accordance with law.

In view of the judgement a meeting under the chairmanship of Hon'ble Minister (Revenue & Coir) was held on 06.03.2013. In the meeting it was decided to appoint a special officer for resuming the land from M/s Harrisons Malayalam Ltd. (HML). The Land Revenue Commissioner, Thiruvananthapuram, vide letter read as 3rd paper, suggested a name of an IAS Officer to entrust the task of resuming the land from M/s Harrisons Malayalam Ltd. (HML).

Government have examined the matter in detail and are pleased to appoint Sri. M.G. Rajamanickam, IAS, Director, Survey & Land Records as Special Officer, in exercise of the powers conferred by section 15 of the Kerala Land Conservancy Act 1957 (Act 8 of 1958) to exercise all the powers conferreed on a Collector under the said Act, in addition to his normal duties except the power of hearing appeals under section 16 of the Act in respect of lands held by M/s Harrisons Malayalam Ltd. (HML).

(By Order of the Governor)
**G.Kamalavardhana Rao**
Secretary to Government

To

The Commissioner, Land Revenue, Thiruvananthapuram.
Sri. M.G. Rajamanickam, IAS, Director, Survey & Land Records, Thiruvananthapuram.
The Director, Survey & Land Records, Thiruvananthapuram.
The Advocate General, Ernakulam. → The Secy, Land Board
The Accountant General (A & E/Audit), Kerala, Thiruvananthapuram.
Smt. Susheela R Bhatt, Spl. Government Pleader (Revenue), O/o. Advocate General , Ernakulam.
The Joint Commissioner (LA) & Special Officer, O/o. Land Revenue Commissioner, Thiruvananthapuram.
The Assistant Commissioner (LA) & Special Officer, O/o. Land Revenue Commissioner, Thiruvananthapuram.
All District Collectors.
General Administration (Special-A) Department.
Law Department .
Forest & Wild Life Department
Revenue (E) Department.
Revenue (N) Department
Information & Public Relations (Web & New Media) Department .
Stock File /Office Copy

Forwarded/ by Order

C.L.V.Kumar Section Officer

അനുബന്ധം II

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - M/s ഹാരിസൺ മലയാളം ലിമിറ്റഡ് (എച്ച്.എം.എൽ) കൈവശ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി സ്റ്റേറ്റ് ലെവൽ, ജില്ലാതല ടീമുകളെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

റവന്യൂ(എ) വകുപ്പ്

സ.ഉ.(കൈ.) നം. 299/2013/റവന്യൂ. തീയതി, തിരുവനന്തപുരം, 16.07.2013

==========================================

പരാമർശം :

1. 25.04.2013- ലെ G.O (Ms) 161/2013/RD നമ്പർ ഉത്തരവ്.
2. 14.06.2013- ലെ സർവെ ഡയറക്ടറുടെ സർവെ/എസ്.4/ 10533/13 നമ്പർ കത്ത്.
3. 24.06.2013- ലെ സർവെ ഡയറക്ടറുടെ സർവെ/എസ്.4/ 10533/13 (2) നമ്പർ കത്ത്.

## ഉത്തരവ്

ബഹു. കേരള ഹൈക്കോടതിയുടെ 28.02.2013- ലെ ഇടക്കാല വിധിയുടെ അടിസ്ഥാനത്തിൽ M/s. എച്ച്. എം.എൽ അനധികൃതമായി കൈവശം വച്ചിട്ടുള്ള സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള നടപടികൾ കൈക്കൊള്ളുന്നതിന് സ്പെഷ്യൽ ഓഫീസറായി സർവെ ഡയറക്ടർ ശ്രീ. രാജമാണിക്യം, ഐ.എ.എസ്- നെ പരാമർശം 1 പ്രകാരം ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(2) M/s. എച്ച്.എം.എൽ - ന്റെ അനധികൃതമായ കൈവശത്തിലുള്ള സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിലേയ്ക്കായി ഒരു പ്രത്യേക ഓഫീസ്, ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ തുടങ്ങണമെന്നും അതിന്റെ ചുമതല ദേവികുളം ആർ.ഡി.ഒ. ശ്രീ. മധു ഗംഗാധരന് നൽകിക്കൊണ്ട് സഹായികളായി ശ്രീ. സുദർശന ബാബു (യു.ഡി.സി.), ലാന്റ് ബോർഡ്, ശ്രീ. അനിൽ കുമാർ (യു.ഡി.സി.), വിഴിഞ്ഞം സീപോർട്ട് എന്നിവരെയും നിയമിക്കണമെന്നും സർവ്വേ ഡയറക്ടർ സൂചന 2- ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

(3) സംസ്ഥാനതല ടീമിന് പുറമേ, ഭൂമി ഏറ്റെടുക്കൽ നടപടികളുടെ സുഗമമായ പ്രവർത്തനത്തിനായി ജില്ലാതല സംഘത്തെക്കൂടി രൂപീകരിക്കണമെന്ന് പരാമർശം 3- ലെ കത്ത് പ്രകാരം സർവേ ഡയറക്ടർആവശ്യപ്പെട്ടു. ടീം ലീഡേഴ്സിന്റെ പേരുകളും കത്തിൽ അറിയിച്ചിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. M/s. എച്ച്.എം.എൽ അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി ഇനി

പറയുന്ന പ്രകാരം സംസ്ഥാനതല ടീം, ജില്ലാതല ടീം എന്നിവ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു:-

(a) **സംസ്ഥാനതല ടീം:-**

| | | |
|---|---|---|
| ശ്രീ. മധു ഗംഗാധർ | - | ദേവികുളം ആർ.ഡി.ഒ (കോ-ഓർഡിനേറ്റർ) |
| ശ്രീ. സുദർശന ബാബു | - | യു.ഡി.സി., ലാന്റ് ബോർഡ്. } സഹായികൾ |
| ശ്രീ. അനിൽ കുമാർ | - | യു.ഡി.സി, വിഴിഞ്ഞം സീ പോർട്ട്. } സഹായികൾ |

(b) **ജില്ലാതല ടീം**

| | | |
|---|---|---|
| കൊല്ലം | - | ശ്രീ. വർഗ്ഗീസ് പണിക്കർ, ഡെപ്യൂട്ടി കളക്ടർ (ആർ.ആർ) |
| പത്തനംതിട്ട | - | ശ്രീ. വി.ജി. സുരേഷ്കുമാർ, " (എൽ.ആർ) |
| എറണാകുളം | - | ശ്രീ. രാമചന്ദ്രൻ, അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് |
| കോട്ടയം | - | ശ്രീ. ബഷീർ, ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ) |
| ഇടുക്കി | - | ശ്രീ. മധു ഗംഗാധർ, ആർഡി.ഒ. (ദേവികുളം) |
| തൃശ്ശൂർ | - | ശ്രീമതി. ജയശ്രീ, അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് |
| കോഴിക്കോട് | - | ശ്രീമതി. ജി.പി. രമാദേവി, " |
| വയനാട് | - | ശ്രീ. അബ്ദുൾ നാസർ. ബി., സ്പെഷ്യൽ ഡെപ്യൂട്ടി ഡയറക്ടർ (എൽ.ആർ) |

(5) മേൽ പരാമർശിച്ചിരിക്കുന്ന ജില്ലാതല ടീം ലീഡേഴ്സിനെ സഹായിക്കുന്നതിലേയ്ക്കായി ഉദ്യോഗസ്ഥരെ ജില്ലാതലത്തിൽ നിന്നും തെരഞ്ഞെടുക്കുന്നതിന് സർവ്വേ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(6) ഇതു സംബന്ധിച്ചുള്ള ആവശ്യമായ അനന്തര നടപടികൾ അതാത് ജില്ലാ കളക്ടർമാർ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ടി.വി. വിജയകുമാർ**
**അഡീഷണൽ സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ,. സർവ്വേ & ലാന്റ് റിക്കോർഡ്സ്.
സെക്രട്ടറി, ലാന്റ് ബോർഡ്.
ശ്രീമതി. സുശീല. ആർ. ഭട്ട്, സ്പെഷ്യൽ ഗവ. പ്ലീഡർ, O/o. അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ജില്ലാ കളക്ടർ, കൊല്ലം/ പത്തനംതിട്ട/കോട്ടയം/എറണാകുളം/ ഇടുക്കി/ തൃശ്ശൂർ/ കോഴിക്കോട്/വയനാട്.
അസിസ്റ്റന്റ് കമ്മീഷണർ (എൽ.എ) & സ്പെഷ്യൽ ഓഫീസർ, ലാന്റ് ബാങ്ക്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

റവന്യൂ (സി) / (റ്റി) വകുപ്പ് - അടിയന്തിരമായ നടപടികൾക്കായി
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:
1. റവന്യൂ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. റവന്യൂ സെക്രട്ടറിയുടെ പി.എ. ക്ക്

ഉത്തരവിൻ പ്രകാരം

e.k.v.Kunnan

സെക്ഷൻ ഓഫീസർ

അനുബന്ധം III

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - ഹാരിസൺ മലയാളം ലിമിറ്റഡ് (എച്ച്.എം.എൽ) ഭൂമി ഏറ്റെടുക്കൽ - സ്പെഷ്യൽ ഓഫീസ് - ജില്ലാതല ടീം ലീഡേഴ്സായി 8 ജില്ലകളിൽ ഡെപ്യൂട്ടി കളക്ടർമാരെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================

റവന്യൂ(എ) വകുപ്പ്

സ.ഉ.(കൈ.) നം. 165/2014/റവന്യൂ. തീയതി, തിരുവനന്തപുരം, 23.04.2014

===========================================================

പരാമർശം :
1. 16.07.2013- ലെ സ.ഉ. (കൈ) നം. 299/2013/റവന്യൂ നമ്പർ ഉത്തരവ്.
2. 31.03.2014- ലെ സ്പെഷ്യൽ ഓഫീസറുടെ GLR (LR)02/2013(3) നമ്പർ കത്ത്.

<u>ഉത്തരവ്</u>

എച്ച്.എം.എൽ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി നിയമിച്ച സ്പെഷ്യൽ ഓഫീസറെ സഹായിക്കുന്നതിനായി സ്റ്റേറ്റ് ലെവൽ, ജില്ലാതല ടീം അംഗങ്ങളെ നിയമിച്ച് പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(2) പ്രസ്തുത ഉത്തരവ് പ്രകാരം നിയോഗിച്ചിട്ടുള്ള ജില്ലാതല ടീം ലീഡർമാർക്ക് തുടർച്ചയായി സ്ഥലം മാറ്റങ്ങൾ ഉണ്ടാവുന്നതിനാൽ സ്പെഷ്യൽ ഓഫീസിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നുവെന്നും ആയതിനാൽ 8 ജില്ലകളിലെ ഡെപ്യൂട്ടി കളക്ടർ (LR) മാരെ ഉദ്യോഗ പദവിയുടെ അടിസ്ഥാനത്തിൽ (പേരുൾപ്പെടുത്താതെ) നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം 2 കത്ത് പ്രകാരം സ്പെഷ്യൽ ഓഫീസർ & കളക്ടർ, ഗവ. ലാന്റ് റിസംപ്ഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എച്ച്.എം.എൽ കമ്പനി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്ന സ്പെഷ്യൽ ഓഫീസിന്റെ സുഗമമായ നടത്തിപ്പിലേയ്ക്കായി കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ ഡെപ്യൂട്ടി കളക്ടർ (LR) മാരെ ജില്ലാതല ടീം ലീഡേഴ്സായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) പരാമർശം 1- ലെ സർക്കാർ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ടി.വി. വിജയകുമാർ

**അഡീഷണൽ സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ & സ്പെഷ്യൽ ഓഫീസർ, ഗവ. ലാന്റ് റിസംപ്ഷൻ , പബ്ലിക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

സെക്രട്ടറി, ലാന്റ് ബോർഡ്, തിരുവനന്തപുരം.

ശ്രീമതി. സുശീല. ആർ. ഭട്ട്, സ്പെഷ്യൽ ഗവ. പ്ലീഡർ (റവന്യൂ), O/o. അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

ജില്ലാ കളക്ടർ, കൊല്ലം/ പത്തനംതിട്ട/കോട്ടയം/എറണാകുളം/ ഇടുക്കി/ തൃശ്ശൂർ/
കോഴിക്കോട്/വയനാട്.
ഡെപ്യൂട്ടി കളക്ടർ, കൊല്ലം/ പത്തനംതിട്ട/കോട്ടയം/എറണാകുളം/ ഇടുക്കി/ തൃശ്ശൂർ/
കോഴിക്കോട്/വയനാട്.
റവന്യൂ (സി) വകുപ്പ്.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്: റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

C.K.V. Kumar